മല്ലപ്പള്ളി - 173

വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(സി) 1473 അപേക്ഷകൾ.

(ഡി) 217 അപേക്ഷകൾ.

കൊടുത്ത തുക 17 ലക്ഷം രൂപ.

(ഇ)-(എഫ്) ഫണ്ടിന്റെ ദൗർലഭ്യം മൂലം 1154 അപേക്ഷകൾ തീരുമാന മാകാതെ കിടപ്പുണ്ട്. 100% കേന്ദ്ര സഹായത്തോടെ നടപ്പാക്കിയ ഈ പദ്ധ തിക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും തുക ലഭിക്കുന്ന മുറക്ക് തീർപ്പു കല്പി ക്കുന്നതാണ്.

റവന്യൂ സ്ഥലം വിട്ടുകൊടുക്കാൻ നടപടി

82 (2138)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ ബസ് സ്റ്റാന്റ് വികസന ത്തിനാവശ്യമായ റവന്യൂ സ്ഥലം വിട്ടുകൊടുക്കാൻ വേണ്ടി സർക്കാരിനോട് ബന്ധപ്പെട്ട മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) കൊയിലാണ്ടി മുനിസിപ്പാലിറ്റിക്ക് പ്രസ്തുത സ്ഥലം പ്രതിഫല മില്ലാതെ വിട്ടുകൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുനിസിപ്പാലിറ്റിയുടെ ആവശ്യം സർക്കാർ പരിശോധിച്ചുവ രുന്നു.

റവന്യൂ വകുപ്പു ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ്

83 (2139)ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ജീവനക്കാരുടെ ഏതെല്ലാം സീനിയോറിറ്റി ലിസ്റ്റുകളാണ് പൂർത്തിയായിട്ടുള്ളത്.

(ബി) കുറ്റമറ്റ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ജീവനക്കാർക്ക് പ്രൊമോഷൻ നൽകിത്തുടങ്ങിയോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വിശദീ കരിക്കുമോ;

(സി) കരട് സീനിയോറിറ്റി ലിസ്റ്റിൽ പരാതി നൽകിയ മുഴുവൻ ജീവ നക്കാർക്കും വ്യക്തിപരമായി മറുപടി നൽകുമോ;

(ഡി) കരട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽ നിന്നും ഇനി ഏതെല്ലാം ലിസ്റ്റുകളാണ് കുറ്റമറ്റതാക്കി പ്രസിദ്ധീകരിക്കാനുള്ളതെന്ന് വ്യക്ത മാക്കുമോ; അതിനുള്ള കാലതാമസം എന്താണെന്നും വിശദീകരിക്കുമോ;

(ഇ) ഏതെല്ലാം പോസ്റ്റുകളിൽ എത്രവീതം ഒഴിവുകൾ നികത്താ നുണ്ട് എന്നതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 24.2.99-ലെ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിലെ ഉത്തരവ് പ്രകാരം താഴെ പറയുന്ന സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കിയിട്ടുണ്ട്.

1. സംസ്ഥാനതല ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ 1.11.56 മുതൽ 9.9.84 വരെയുള്ള ഫൈനൽ സീനിയോറിറ്റി ലിസ്റ്റ്.

2. സംസ്ഥാനതല വില്ലേജ് അസിസ്റ്റന്റുമാരുടെ 1.11.56 മുതൽ 9.9.84 വരെയുള്ള ഫൈനൽ സീനിയോറിറ്റി ലിസ്റ്റ്.

3. സംസ്ഥാനതല ലോവർ ഡിവിഷൻ ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റുമാരുടെ 9.9.84-ലെ സംയോജിത ഫൈനൽ സീനിയോറിറ്റി ലിസ്റ്റ്.

4. സംസ്ഥാനതല എൽ.ഡി.ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റുമാരുടെ 10.9.84 മുതൽ 31.12.92 വരെയുള്ള ഫൈനൽ സീനിയോറിറ്റി ലിസ്റ്റ്.

5. സംസ്ഥാനതല എൽ.ഡി.ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റുമാരുടെ 1.1.93 മുതൽ 30.6.96 വരെയുള്ള ഫൈനൽ സീനിയോറിറ്റി ലിസ്റ്റ്.

6. സംസ്ഥാനതല വില്ലേജ് ഓഫീസർമാരുടെ 1.11.56 മുതൽ 9.9.84 വരെയുള്ള ഫൈനൽ ലിസ്റ്റ്.

7. സംസ്ഥാനതല യു.ഡി.ക്ലാർക്ക്മാരുടെ 1.11.56 മുതൽ 9.9.84 വരെയുള്ള ഫൈനൽ ലിസ്റ്റ്.

8. സംസ്ഥാനതല യു.ഡി.ക്ലാർക്ക്/വില്ലേജ് ഓഫീസർമാരുടെ 9.9.84 ലെ സംയോജിത ഫൈനൽ സീനിയോറിറ്റി ലിസ്റ്റ്.

9. സംസ്ഥാനതല യു.ഡി.ക്ലാർക്ക്/വില്ലേജ് ഓഫീസർമാരുടെ 10.9.1984 മുതൽ 31.12.1992 വരെയുള്ള ഫൈനൽ ലിസ്റ്റ്.

10. സംസ്ഥാനതല യു.ഡി.ക്ലാർക്ക്/വില്ലേജ് ഓഫീസർമാരുടെ 1.1.93 മുതൽ 31.12.95 വരെയുള്ള ഫൈനൽ ലിസ്റ്റ്.

11. സംസ്ഥാനതല ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർമാരുടെ 1.7.78 മുതൽ 9.9.84 വരെയുള്ള ഫൈനൽ ലിസ്റ്റ്.

12. സംസ്ഥാനതല ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർമാരുടെ 10.9.84 മുതൽ 31.12.92 വരെയുള്ള ഫൈനൽ ലിസ്റ്റ്.

13. സംസ്ഥാനതല ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർമാരുടെ 1.1.93 മുതൽ 31.12.95 വരെയുള്ള ഫൈനൽ ലിസ്റ്റ്.

14. സംസ്ഥാനതല ഡെപ്യൂട്ടി തഹസീൽദാർമാരുടെ 8.3.93 മുതൽ 31.12.95 വരെയുള്ള ഫൈനൽ ലിസ്റ്റ്.

15. സംസ്ഥാനതല തഹസീൽദാർമാരുടെ 1-1-1996 മുതൽ 30-4-1998 വരെയുള്ള പ്രൊവിഷണൽ ലിസ്റ്റ്.

(ബി) നൽകിയിട്ടില്ല. കോടതി നിർദ്ദേശമനുസരിച്ചു ഫൈനൽ സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട കോടതിയിൽ നിന്നും വേണ്ട നിർദ്ദേശം കിട്ടിയാൽ മാത്രമേ പ്രൊമോഷൻ നൽകാൻ കഴിയുകയുള്ളൂ.

(സി) നൽകും.

(ഡി) മുകളിൽ സൂചിപ്പിച്ച ക്രമനമ്പർ (എ) യിൽ പറഞ്ഞിരിക്കുന്ന 1 മുതൽ 14 വരെയുള്ള ഫൈനൽ ലിസ്റ്റുകളും തഹസീൽദാർമാരുടെ പ്രൊവി

LIBRARY ARCHIVES Kerala Legislative Assembly

ഷണൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. കോടതി നിർദ്ദേശം ലഭിച്ച ശേഷം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഇ)

1. തഹസീൽദാർ - 95
2. ഡെപ്യൂട്ടി തഹസീൽദാർ - 480
3. ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ, വില്ലേജ് ഓഫീസർ - 1400
4. യു.ഡി.ക്ലാർക്ക്/സ്പെഷ്യൽ വില്ലേജ് ഓഫീസർ - 40
5. എൽ.ഡി.ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് - 145.

റവന്യൂ വകുപ്പിലെ ഒഴിവുകൾ

84 (2140)ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട റവന്യൂ ജില്ലയിൽ റവന്യൂ വകുപ്പിൽ വിവിധ തസ്തികകളിലുള്ള ഒഴിവുകളുടെ വിവരം വിശദമാക്കുമോ;

(ബി) ഇതിൽ ഡെപ്യൂട്ടി കളക്ടർ, തഹസീൽദാർ, വില്ലേജ് ഓഫീസർ എന്നീ തസ്തികകളിലുള്ള ഒഴിവുകൾ എത്ര;

(സി) ഒഴിവുള്ള തസ്തികകൾ നികത്താത്തതിന്റെ കാരണങ്ങൾ എന്തെല്ലാം;

(ഡി) ഒഴിവുള്ള തസ്തികകൾ അടിയന്തിരമായി നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പത്തനംതിട്ട റവന്യൂ ജില്ലയിൽ, റവന്യൂ വകുപ്പിൽ വിവിധ തസ്തികകളിൽ ആകെ 77 ഒഴിവുകൾ ഉണ്ട്.

(ബി)

തസ്തിക		ഒഴിവ്
1. ഡെപ്യൂട്ടി കളക്ടർ	-	1 (ഡെപ്യൂട്ടി കളക്ടർ ജനറലിന്റെ ലീവ് വേക്കൻസി)
2. തഹസീൽദാർ	-	7
3. സീനിയർ സൂപ്രണ്ട്	-	2
4. ഹുസൂർ ശിരസ്തദാർ	-	1
5. വില്ലേജ് ഓഫീസർ	-	66
ആകെ -		77 എണ്ണം

(ഇപ്പോൾ ഈ തസ്തികകയിൽ യു.ഡി. ക്ലാർക്കുമാർ പ്രവർത്തിച്ചു വരുന്നു.)

(സി) വിവിധ തസ്തികകളിലെ സീനിയോറിട്ടി ലിസ്റ്റുകളെ സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ കേസുകൾ നിലവിലുള്ളതിനാ

LIBRARY ARCHIVES Kerala Legislative Assembly